പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1580 — 01-11-2019-ൽ മറുപടിക്ക്

## കർഷകർക്ക് മൊറട്ടോറിയം ആനുകൂല്യം ലഭ്യമാക്കാൻ നടപടി

**ചോദ്യം** — ശ്രീ. പാറക്കൽ അബ്ദുല്ല

**മറുപടി** — ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷം പ്രളയം ബാധിച്ച് കൃഷിയും ചെറുകിട വ്യവസായ യൂണിറ്റുകളും നശിച്ച പതിമൂന്നര ലക്ഷം പേർക്ക് മൊറട്ടോറിയം ആനുകൂല്യം നഷ്ടമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2018 ലെ മഹാപ്രളയത്തോടനുബന്ധിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ 10 ശതമാനത്തിൽ താഴെ വായ്പകൾ മാത്രമാണ് പുനക്രമീകരിച്ചത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വായ്പകൾ പുനക്രമീകരിക്കുന്നതിന് കൃഷിഭവൻ തലത്തിൽ കർഷകർക്ക് അവബോധം നൽകുകയുണ്ടായി. റിസർവ്വ് ബാങ്ക് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ വായ്പ പുനക്രമീകരിച്ച മുഴുവൻ കർഷകർക്കും മോറട്ടോറിയത്തിന്റെ ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ബി) | കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വേണ്ട താൽപര്യവും ജാഗ്രതയും കാണിച്ചില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ എന്ന് അറിയിക്കുമോ: | (ബി) | ഇല്ല. 2018-ൽ സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് 20/08/2018-ന് നടന്ന പ്രത്യേക SLBC യോഗത്തിൽ വിവിധ കടാശ്വാസ നടപടികൾ പ്രഖ്യാപിച്ചിരുന്നു . ഈ തീരുമാനങ്ങൾ എല്ലാം തന്നെ കാർഷിക വികസന സമിതികളിലും കർഷകരുടെ യോഗങ്ങളിലും കൃഷി ഓഫീസർമാർ ചർച്ച ചെയ്യുകയും കർഷകരുടെ അറിവിലേയ്ക്ക് എത്തിക്കാനുള്ള ജാഗ്രതയോടെയുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുനർജ്ജനി എന്ന പേരിൽ വിപുലമായി പുനരുജ്ജീവന പരിപാടികൾ സംഘടിപ്പിക്കുകയും ദുരിതത്തിലായ കർഷകർക്ക് സാമ്പത്തികവും , മാനസികവും ആയ പിൻതുണ നൽകി സഹായിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മൊറട്ടോറിയം കിട്ടാൻ ബാങ്കുകൾക്ക് പ്രത്യേക അപേക്ഷ നൽകണമെന്ന കാര്യം കർഷകർക്ക് അജ്ഞാതമായിരുന്നുവെന്ന സാഹചര്യത്തിലും ഇനി അപേക്ഷ നൽകി ഇളവ് അനുവദിക്കാൻ സാധ്യത ഇല്ലാത്തതിനാലും ഇവർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ? | (സി) | കർഷകരുടെ കടങ്ങളുമായി ബന്ധപ്പെട്ട മൊറട്ടോറിയം വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.ധനകാര്യ, റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബഹു.മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07/08/2019-ന് ബാങ്ക് അധികൃതരുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പുന:ക്രമീകരിക്കപ്പെട്ട വായ്പകൾക്ക് 31/12/2019 വരെ മൊറട്ടോറിയം കാലാവധി ദീർഘിപ്പിച്ച് നൽകുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രളയം മൂലം കേരളത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം പരിഗണിച്ച് നിലവിലുള്ള വായ്പയുടെ പലിശ മാത്രം അടച്ച് ലോൺ പുതുക്കുന്നതിനാവശ്യമായ സത്വര നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്ന ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശം ബാങ്ക് പ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. പുന:ക്രമീകരിക്കാത്ത വായ്പകൾക്ക് മേൽ ജപ്തി നടപടികൾ ഒഴിവാക്കിക്കൊണ്ട് അതാത് ബാങ്കുകൾക്ക്, കർഷകർക്ക് ഉപകാര പ്രദമായ രീതിയിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ തലത്തിൽ സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുള്ളതും, ടി സബ് കമ്മിറ്റികളുടെ തീരുമാനപ്രകാരം വായ്പകൾ പലിശ മാത്രം അടച്ച് കൊണ്ട് പുതുക്കി നൽകുന്നതിനോ, വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകുന്നതിനൊ തീരുമാനമെടുക്കുന്നതുമാണ്. ഹ്രസ്വകാല കാർഷിക വായ്പകളുടെ പുന:ക്രമീകരിച്ച കാലയളവിലെ Interest subvention ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട High Level Committee-യുടെ അനുകൂല തീരുമാനം നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിന് കത്ത് നല്കുകയും ചെയ്തിട്ടുണ്ട്.<br>18-09-2019 ലെ സ.ഉ (സാധാ) നം. 868/2019/അഗ്രി ഉത്തരവിൻ പ്രകാരം മൊറട്ടോറിയം. വായ്പാ പുനക്രമീകരണം തുടങ്ങി ബാങ്കുകളുമായി ബന്ധപ്പെട്ട എല്ലാ വായ്പാ/ഇൻഷ്വറൻസ് പദ്ധതികളും സംബന്ധിച്ച് കർഷകരിൽ അവബോധം വളർത്തുന്നതിനായി ബാങ്ക് അധികൃതർ, കൃഷി ഓഫീസർമാർ, കർഷകർ എന്നിവരുടെ സംയുക്ത യോഗം പഞ്ചായത്ത് തലത്തിൽ ചേരുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗീകരിച്ച 2018 ലെ പ്രളയ ദുരിതാശ്വാസ നടപടികളുടെ ആനുകൂല്യം ലഭ്യമാകാൻ വായ്പാ ഉപഭോക്താക്കൾ അതാത് ബാങ്കുകളെ സമീപിക്കണമെന്ന് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പത്രക്കുറിപ്പുകൾ ഇറക്കിയിട്ടുണ്ട്. |

Fessy J.K

സെക്ഷൻ ഓഫീസർ